**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1203** **30.01.2018- ൽ മറുപടിക്ക്**

**കൊല്ലങ്കോട് ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | മറുപടി |
| --- | --- | --- |
| **ശ്രീ. കെ. ബാബു** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) മംഗലം - ഗോവിന്ദപുരം സംസ്ഥാന പാതയിൽ കൊല്ലങ്കോട് പട്ടണത്തിൽ നിത്യേന അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വർഷങ്ങളായി അനുഭവപ്പെടുന്ന ഗതാഗത കുരുക്കിന് ശാശ്വതപരിഹാരം കാണുന്നതിനായി 2009-ൽ ഭരണാനുമതി ലഭിച്ച കൊല്ലങ്കോട് ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ;<br>(സി) കൊല്ലങ്കോട് ബൈപ്പാസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും റോഡ് പണി തുടങ്ങുന്നതിന് ഇനി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തേണ്ടതെന്നും വിശദമാക്കുമോ;<br>(ഡി) കൊല്ലങ്കോട് ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) യും (സി) യും (ഡി) യും | 14.07.2009-ലെ സ.ഉ (സാധാ) നം. 1045/2009/ പൊ.മ.വ പ്രകാരം കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണത്തിന് 13 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി. ബൈപ്പാസ് റോഡ് നിർമ്മാണത്തിനാവശ്യമായ 14.5204 ഹെക്ടർ ഭൂമിയിൽ 0.4594ഹെക്ടർ സ്ഥലം സർക്കാർ ഉടമസ്ഥതയിലുള്ളതും, ബാക്കി 14.061ഹെക്ടർ സ്ഥലം സ്വകാര്യ വ്യക്തികളുടേതുമാണ്. 10.06.2010ലെ സ.ഉ (സാധാ) നം. 939/2010/പൊ.മ.വ പ്രകാരം സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 14.061ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ബൈപ്പാസ് നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് നടപടി തുടരുന്നതിന് 14.061 ഹെക്ടർ സ്ഥലത്തിന്റെ ഏകദേശ വിലയായ 10,57,20,000/- രൂപ (പത്തു കോടി അൻപത്തിയേഴ് ലക്ഷത്തി ഇരുപതിനായിരം രൂപ)യുടെ 25 ശതമാനമായ 2,64,30,000/- രൂപ (രണ്ട് കോടി അറുപത്തി നാല് ലക്ഷത്തി മുപ്പതിനായിരം രൂപ) അനുവദിക്കുന്നതിനുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിക്കുകയുണ്ടായി. ആയത് സർക്കാർ പരിശോധിക്കുകയും കൊല്ലങ്കോട് ബൈപ്പാസ് |

നിർമ്മാണത്തിനുള്ള സ്ഥലമേറ്റെടുക്കുന്നതിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയെന്ന് ഉറപ്പ് വരുത്തിയ ശേഷം നടപ്പ് സാമ്പത്തിക വർഷത്തിൽ പുതുക്കിയ ശിപാർശ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനായി അർത്ഥനാപത്രം അനുബന്ധരേഖകൾ സഹിതം LAAR Act 2013 പ്രകാരം പുതുക്കി സമർപ്പിക്കണമെന്ന് സ്പെഷ്യൽ തഹസിൽദാർ എൽ.എ ജനറൽ പാലക്കാട് അറിയിച്ചതനുസരിച്ച് പാലക്കാട് നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 09.11.2017-ൽ അർത്ഥനാപത്രം പാലക്കാട് കളക്ടർക്ക് നൽകിയിട്ടുണ്ട്. 13 കോടി രൂപയുടെ ഭരണാനുമതി തുകയിൽ നിന്നും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 1,63,618/- രൂപ ചെലവായിട്ടുണ്ട്. എന്നിരുന്നാലും പുതുക്കിയ ഭരണാനുമതി ആവശ്യമാണെന്ന് റവന്യൂ അധികാരികൾ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ലാൻഡ് അക്വിസിഷനുള്ള പ്രപ്പോസൽ പാലക്കാട് നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി വരുന്നു. ബൈപ്പാസ് നിർമ്മാണത്തിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയ ശേഷമേ പ്രവൃത്തി തുടങ്ങുവാൻ സാധിക്കുകയുള്ളൂ. അതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

സെക്ഷൻ ഓഫീസർ